## ഹദീസ്

കെ.സി ജലീൽ പുളിക്കൽ

# വിസ്മരിക്കരുത് ഉത്തരവാദിത്തങ്ങൾ

عَنْ عَبْدِ اللهِ بْنِ عُمَرَ رَضي الله عنهما عن النَّبي صلى الله عليه وسلم قَالَ: أَلَا كُلُّكُمْ رَاعٍ وَكُلُّكُم مَسْؤولٌ عَنْ رَعِيَّتِهِ، فَالإِمَامُ الَّذِي عَلَى النَّاسِ رَاعٍ، وَهُوَ مَسْؤولٌ عَنْ رَعِيَّتِهِ، وَالرَّجُل رَاعٍ عَلَى أَهْلِ بَيْتِهِ، وَهُوَ مَسْؤُولٌ عَنْ رَعِيَّتِهِ، وَالْمَرْءَةُ رَاعِيَة عَلَى بَيْتِ زَوْجِهَا وَوَلَدِهِ وَهِيَ مَسْؤُلَةٌ عَنْهُم (بخارى مسلم)

**അബ്ദുല്ലാഹിബ്നു ഉമറിൽനിന്ന്. നബി(സ) പറഞ്ഞു: "അറിയുക, നിങ്ങളിൽ ഓരോരുത്തരും ഭരണകർത്താക്കളാണ്, നിങ്ങളുടെ ഭരണീയരെക്കുറിച്ച് ചോദിക്കപ്പെടുന്നവരുമാണ്. ഇമാം ഭരണകർത്താവും തന്റെ കീഴിലുള്ളവരെക്കുറിച്ച് ചോദിക്കപ്പെടുന്നവനുമാണ്. പുരുഷൻ തന്റെ കുടുംബത്തിന്റെ മേൽനോട്ടക്കാരനാണ്. തന്റെ കീഴിലുള്ളവരെക്കുറിച്ച് അവൻ ചോദിക്കപ്പെടുന്നവനാണ്, സ്ത്രീ അവളുടെ ഭർതൃഗൃഹത്തിന്റെയും സന്താനങ്ങളുടെയും മേൽനോട്ടക്കാരിയാണ്. അവരെക്കുറിച്ച് അവളും ചോദിക്കപ്പെടും."**

ഏറെ സുപരിചിതമാണ് ഈ നബിവചനം. വ്യക്തിതലം മുതൽ സാമൂഹിക- രാഷ്ട്രീയ തലം വരെ സമസ്ത ജീവിത മണ്ഡലങ്ങളിലും സന്തുഷ്ട കുടുംബം കെട്ടിപ്പടുത്ത് ഉത്തമ തലമുറയെ വാർത്തെടുക്കാൻ പ്രചോദനമേകുന്ന വചനം. ഐശ്വര്യപൂർണമായ ഒരു രാഷ്ട്രം സ്ഥാപിച്ചെടുക്കാൻ അടിസ്ഥാനമായിത്തീരുന്ന വചനം.

കുടുംബനായകൻ മുതൽ ഭരണാധികാരി വരെ, എല്ലാ മേഖലകളിലുമുള്ളവർ, അവരവരുടെ ഉത്തരവാദിത്തങ്ങൾ അതീവ ഗൗരവത്തോടെ തന്നെയാണ് ഏറ്റെടുക്കാറ്. കുടുംബനാഥൻ കുടുംബ ജീവിതത്തിന് പ്രാരംഭം കുറിക്കുന്ന വിവാഹത്തെ ഗൗരവമാർന്ന കരാറെന്ന നിലക്കാണ് സദസ്സിനെ സാക്ഷിനിർത്തി ഏറ്റെടുക്കുന്നത്. ചെറുതോ വലുതോ ആയ തസ്തികകളിൽ നിയമിക്കപ്പെടുന്ന ഓരോ ഉദ്യോഗസ്ഥനും അവരവരുടെ ജോലി സത്യസന്ധമായും കാര്യക്ഷമമായും നിർവഹിച്ചുകൊള്ളാമെന്ന പ്രതിജ്ഞ ചെയ്യുന്നു. ജനപ്രതിനിധികളും ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളുടെയും, പ്രമുഖരടങ്ങിയ വൻജനാവലിയുടെ മുമ്പിൽ വെച്ച്, ഏത് പ്രതിസന്ധിഘട്ടത്തിലും തന്നിലർപ്പിതമായ ഉത്തരവാദിത്തങ്ങൾ നിർവിഘ്നം നിർവഹിക്കുമെന്ന് ദൃഢപ്രതിജ്ഞയെടുക്കുന്നു.

എന്നാൽ ദിവസങ്ങൾക്കകം ഏറ്റെടുത്ത ഉത്തരവാദിത്തങ്ങളെല്ലാം വിസ്മരിക്കപ്പെടുന്നു. ഭരണാധികാരികൾ പൗരന്മാരെ മറക്കുന്നു. ഉത്തരവാദിത്തബോധം വിസ്മരിക്കുന്നതിന്റെ ഭയാനക ഭവിഷ്യത്ത് ദേശീയതലം മുതൽ ഗ്രാമീണ തലം വരെ ദൃശ്യമാവുന്നു. ഉത്തരവാദിത്തരാഹിത്യം ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ഈ ദുരന്തത്തിൽനിന്നും ഒരു നാടും ഒഴിവല്ല. ഇതിനെ എങ്ങനെ നേരിടണമെന്നറിയാതെ നിസ്സഹായമായി നിൽക്കുന്ന ലോകത്തിന് രക്ഷാമാർഗം കാണിച്ചുകൊടുക്കുകയാണ് ഈ മഹദ് വചനം. കർശന നിയമം കൊണ്ടോ കേവല സദുപദേശം കൊണ്ടോ സമൂഹത്തിൽ ഉത്തരവാദിത്ത ബോധം ഉണ്ടാക്കിയെടുക്കാനാകില്ല. കരുത്തുറ്റ വിശ്വാസത്തിന്റെ അഭാവത്തിൽ വ്യക്തികളെയോ സമൂഹത്തെയോ ഉത്തരവാദിത്തബോധമുള്ളവരാക്കാൻ കഴിഞ്ഞിട്ടില്ലെന്നതിന് ചരിത്രം സാക്ഷി.

തന്റെ ഉത്തരവാദിത്തങ്ങൾ നിർവഹിച്ചില്ലെങ്കിൽ അന്ത്യനാളിൽ അഭിമുഖീകരിക്കേണ്ടി വരുന്ന കടുത്ത വിചാരണയും തുടർ നടപടികളുമാണ് ഈ നബിവചനം വായിച്ചു തുടങ്ങുമ്പോൾ തന്നെ വിശ്വാസിയുടെ മനസ്സിലേക്ക് കടന്നുവരുന്നത്. സർവജ്ഞനും സർവാധിപനുമായ നാഥൻ നേരിട്ട് നടത്തുന്ന വിചാരണയാണ്. എല്ലാ തെളിവുകളുടെയും പിൻബലത്തോടെ നടത്തപ്പെടുന്ന തുറന്ന വിചാരണ. ശാശ്വത ജീവിതത്തിന്റെ വിധി നിർണയിക്കപ്പെടുന്ന വിചാരണ. ശാശ്വത ജീവിതം വിജയകരമാക്കാൻ ഏത് പ്രയാസവും സഹിക്കാൻ വിശ്വാസി സന്നദ്ധനാകും. ഈ വിശ്വാസമാണ് മനുഷ്യനെ ഉത്തരവാദിത്തബോധമുള്ളവനാക്കുന്നത്.

തന്റെ നാട്ടിലെവിടെയെങ്കിലും ആരെങ്കിലും പട്ടിണി കിടന്നാൽ, ആക്രമിക്കപ്പെട്ടാൽ താൻ അല്ലാഹുവിന്റെ ശിക്ഷക്കിരയാകുമെന്ന വിശ്വാസമാണല്ലോ ഉമറുബ്നുൽ ഖത്ത്വാബിനെ മാതൃകായോഗ്യനായ ഭരണാധികാരിയാക്കിയത്. പാതിരാവിൽ ഒറ്റക്കിറങ്ങിത്തിരിച്ച് പട്ടിണിക്കാരെ കണ്ടെത്തി, അവർക്കുള്ള ഭക്ഷ്യവസ്തുക്കൾ ഒറ്റക്ക് ചുമന്നുകൊണ്ടുപോയി പാചകം ചെയ്യാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത് ഈ വിശ്വാസവും അതിൽനിന്നുടലെടുത്ത ഉത്തരവാദിത്തബോധവുമാണ്. മുമ്പും പിൽക്കാലത്തും എല്ലായ്പ്പോഴും ഈ വിശ്വാസവും അതിൽനിന്നുടലെടുത്ത ഉത്തരവാദിത്തബോധവും തന്നെയാണ് ഭരണാധികാരികളെ മാതൃകായോഗ്യരും ജനക്ഷേമതൽപരരും ആക്കിയെടുത്തത്.

സാമൂഹിക ഘടനയുടെ പ്രഥമ യൂനിറ്റാണല്ലോ കുടുംബം. വ്യക്തികളെ രൂപപ്പെടുത്തിയെടുക്കുന്നത് കുടുംബമാണ്. അതിനാൽ കുടുംബനാഥന്റെ ഉത്തരവാദിത്തം വലുതാണ്. കുടുംബം താളം തെറ്റിയാൽ സമൂഹവും താളം തെറ്റും. കുടുംബനാഥൻ അന്ത്യനാളിൽ സർവാധിനാഥന്റെ മുമ്പിൽ തന്റെ അധീനതയിലുണ്ടായിരുന്ന കുടുംബാംഗങ്ങളോട് നിർവഹിക്കേണ്ട ബാധ്യത നിർവഹിച്ചോ എന്ന ചോദ്യത്തിനുത്തരം പറയാൻ ബാധ്യസ്ഥനാണ്. 'സ്ത്രീ ഭർതൃഗൃഹത്തിലെ നായികയാണ്, തന്റെ കീഴിലുള്ളവരെ സംബന്ധിച്ച് അവളും ചോദിക്കപ്പെടും' എന്ന ഭാഗം ശ്രദ്ധേയമാണ്. ഭർതൃഗൃഹമാണ് സ്ത്രീയുടെ യഥാർഥ വീടെന്നും ഭർതൃഗൃഹത്തിലുള്ളവരുടെയും സന്താനങ്ങളുടെയും വിദ്യാഭ്യാസപരവും തർബിയത്ത് പരവുമായ ബാധ്യതകൾ ഭർത്താവിന്റെയോ ഭർതൃകുടുംബത്തിന്റെയോ തലയിൽ കെട്ടിവെച്ച് രക്ഷപ്പെടാനാവില്ല എന്ന് സ്ത്രീയെ സഗൗരവം ഉണർത്തുകയാണ്. സ്വന്തം മക്കളെയും അധീനതയിലുള്ള മറ്റുള്ളവരെയുമെല്ലാം കേവല ഭൗതിക സമ്പാദനത്തിനുള്ള ഉപകരണമായി കാണുന്ന, അവരുടെ വിജ്ഞാനത്തിനും മതധാർമിക ശിക്ഷണത്തിനും ഒരേർപ്പാടും ചെയ്യാത്ത മാതാപിതാക്കൾക്ക് ഈ നബിവചനം ശക്തമായ താക്കീതാണ്. ●